പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1538 — 14.12.2012-ൽ മറുപടിക്ക്

അങ്കമാലി നഗരത്തിലെ ഗതാഗതക്കുരുക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) അങ്കമാലി നഗരത്തിലെ വർദ്ധിച്ചു വരുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി 11.7.2011 ൽ ചേർന്ന ട്രാഫിക് അഡ്വൈസറി കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി നഗരസഭ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | എ) 11/7/2011ൽ കൂടിയ ട്രാഫിക് അഡ്വൈസറി എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം അങ്കമാലി പോലീസ് സർക്കിൾ ഇൻസ്പെക്ടറുടേയും ജോയിന്റ് ആർ.ടി.ഒ-യുടെയും സഹകരണത്തോടെ പാർക്കിംഗ്, വൺവേ സമ്പ്രദായം, നോപാർക്കിംഗ് എന്നിവ സൂചിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കുകയും ഗതാഗതത്തിന് തടസ്സമാകുന്ന പരസ്യബോർഡുകൾ നഗരസഭ നീക്കം ചെയ്തിട്ടുള്ളതുമാണ്. അങ്കമാലി നഗരസഭയിലെ കുരുക്ക് പരിഹരിക്കുന്നതിന് വേണ്ടി അടിയന്തിരമായി 20 പോലീസുകാരെ വിട്ടു നൽകണമെന്ന് ആലുവ റൂറൽ പോലീസ് സൂപ്രണ്ടിനോടും 29/9/2011ലെ കൗൺസിൽ, പ്രമേയം മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) തീരുമാനങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ സഹകരിക്കാത്ത വകുപ്പ് ഉദ്യോഗസ്ഥന്മാർക്കെതിരെ നഗരസഭ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളത് എന്ന് വ്യക്തമാക്കുമോ ? | ബി) നഗരസഭ പ്രത്യേകിച്ച് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ